**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4985** **04-07-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ കടന്നുപോകുന്ന ജില്ലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തീരദേശ ഹൈവേകൾ ഏതൊക്കെ ജില്ലകളിലൂടെയും തുറമുഖങ്ങളിലൂടെയുമാണ് കടന്ന് പോകുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ തീരദേശ ഹൈവേ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലൂടെയാണ് കടന്ന് പോകുന്നത് . തീരദേശ ഹൈവേ കൊല്ലം, ആലപ്പുഴ, എറണാകുളം, ബേപ്പൂർ, അഴീക്കൽ പോർട്ടുമായി ബന്ധിപ്പിക്കുന്നതിന് NHAI -യുടെ പോർട്ട് കണക്ടിവിറ്റി പ്രോജക്റ്റിൽ ഉദ്ദേശിച്ചിരുന്നു എങ്കിലും നിലവിൽ ഈ പോർട്ടുകൾ NH മായി ബന്ധിപ്പിക്കുന്ന പദ്ധതിയുമായാണ് NHAI മുന്നോട്ട് പോകുന്നത്.തീരദേശ ഹൈവേയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ പൊന്നാനി അഴിമുഖത്തിന് കുറുകെ ഉള്ള കേബിൾ സ്റ്റേയ്ഡ് ബ്രിഡ്ജ് ഉൾപ്പെടെ CH: 0 + 00 മുതൽ CH 4 + 800 വരെയുള്ള 4.8 കി.മീ. നിർമ്മാണം ആർ.ബി.ഡി.സി.കെ. മുഖേന നടപ്പിലാക്കുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ മാത്രം ഫണ്ട് ഉപയോഗിച്ചാണോ പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനവും അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതെന്നും പദ്ധതിക്ക് വേണ്ട സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോയെന്നും പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ മുതൽ കാസർഗോഡ് ജില്ലയിലെ പന്നിക്കുന്ന് വരെയുള്ള തീരദേശ ഹൈവേ കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് സ്ഥലമേറ്റെടുപ്പും നിർമ്മാണ പ്രവർത്തനവും നടത്തുന്നത്. പദ്ധതിക്ക് ആവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. 2025 അവസാനത്തോട് കൂടി സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കി രണ്ടു വർഷ കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് പുരോഗമിക്കുന്നത്. ആർ.ബി.ഡി.സി.കെ. യെ ഏൽപ്പിച്ച ഭാഗത്തിന് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 280.09 കോടി രൂപയുടെ സാമ്പത്തിക അനുമതി സംസ്ഥാന സർക്കാരിനു കീഴിലുള്ള കിഫ്ബി നൽകിയിട്ടുണ്ട്. ഈ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ഈ ഭാഗത്ത് ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള 11(1) എന്ന വിജ്ഞാപനം പുറപ്പെടുവിച്ച് സർവെ നടപടികൾ പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ 19(1) |

| | | | |
|---|---|---|---|
| | | | നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ